**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2252** **12-12-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കോട്ടയത്തും തിരുവനന്തപുരത്തെ കോടതി റോഡ്, മ്യൂസിയം, കവടിയാർ പണ്ഡിറ്റ് കോളനി എന്നിവിടങ്ങളിലും സ്ത്രീകൾക്കെതിരെ അതിക്രമം നടന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | സർക്കാർ ഗൌരവത്തോടെ കാണുന്നുണ്ട്. പ്രസ്തുത സംഭവങ്ങൾക്ക് കേസുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.<br><br>ഇത്തരത്തിലുള്ള പരാതികൾ ലഭ്യമായാൽ ഉടൻ തന്നെ കേസ് രജിസ്റ്റർ ചെയ്ത് കാര്യക്ഷമമായി അന്വേഷണം പൂർത്തിയാക്കി പ്രതികളെ അറസ്റ്റ് ചെയ്ത് സമയബന്ധിതമായി കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ച് വിചാരണ വേഗത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിന് നിലവിലെ നിയമങ്ങൾ പ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി പിങ്ക് പോലീസ് സംവിധാനം ,വനിതാ ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ എർപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതുമാണ്. സ്ത്രീകൾക്ക് സ്വയം പ്രതിരോധത്തിന് വേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമം തടയുന്നതിനും അവരെ |

| | | | |
|---|---|---|---|
| | | | സുരക്ഷിതവുമായ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിക്കുവാൻ കൺട്രോൾ റൂം,പിങ്ക് പട്രോൾ എന്നവയുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതാണ്. എതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽ പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി Nirbhaya APP ന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നു. |
| (ഡി) | ഇത്തരം സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | (സി)യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ